ഉത്തരം

(എ&ബി) ഉണ്ട്. അംഗീകാരമില്ലാത്ത തസ്തികകളിൽ താല്കാലികമായി നിയമിക്കപ്പെടുന്നവരെ സ്ഥിരപ്പെടുത്തുന്നതിന് നിലവിലുള്ള ചട്ടങ്ങൾ അനുവദിക്കാത്തതിനാൽ ഈ ആവശ്യം സർക്കാർ നിരസിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) പരിഗണനയിലില്ല.

(ഇ) ഇല്ല. എന്നാൽ ഇത്തരം ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ സേവനം തുടരേണ്ടതുണ്ടോ എന്നത് സംബന്ധിച്ച് തീരുമാനമെടുക്കുന്നതിന് 18-5-2012-ലെ സ.ഉ. (സാധാ) 1385/2012/തസ്വഭവ ഉത്തരവ് പ്രകാരം അതാത് മുനിസിപ്പാലിറ്റികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.)*

കരമന-കളിയിക്കാവിള ദേശീയപാതാ വികസനം

291 (1716) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരമന-കളിയിക്കാവിള ദേശീയപാത വികസനത്തിനായി ഭൂമി വിട്ടുകൊടുത്ത ഭൂവുടമകൾക്ക് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് നൽകി കെട്ടിട നിർമ്മാണ അനുമതി ലഭ്യമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടത്തിലെ ചട്ടം 3 സി(ബി) പ്രകാരം ഒരു പൊതു ആവശ്യത്തിന് ഗവൺമെന്റിനോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കോ ഗവൺമെന്റ് ഏജൻസിക്കോ സ്ഥലം വിട്ടുകൊടുക്കുന്ന പക്ഷം വിട്ടുകൊടുത്ത സ്ഥലത്തിന് ആനുപാതികമായി ഇളവ് നൽകുവാൻ ചീഫ് ടൗൺ പ്ലാനറുമായി കൂടിയാലോചിച്ച് സർക്കാരിന് തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കരമന-കളിയിക്കാവിള ദേശീയപാത വികസനത്തിനായി ഭൂമി വിട്ടുകൊടുത്ത ഭൂവുടമകൾക്ക് കെട്ടിടനിർമ്മാണത്തിന് ഇളവ് നൽകുന്ന കാര്യം കെ.എം.ബി.ആർ. 1999 പ്രകാരം പരിശോധിച്ച് അഭിപ്രായം അറിയിക്കാൻ ചീഫ് ടൗൺ പ്ലാനർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly